പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3464 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **എരമം - കുറ്റൂർ അംഗൻവാടി വർക്കറുടെ അവധി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. സി.കൃഷ്ണൻ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കണ്ണൂർ ജില്ലയിൽ എരമം - കുറ്റൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടിയിൽ, അംഗൻവാടി വർക്കർ അവധിയിൽ പ്രവേശിച്ച് മറ്റൊരു ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) & (ബി) പരാതി ലഭിച്ചതിനെ തുടർന്ന് സാമൂഹ്യനീതി ഡയറക്ടർ ഈ വിഷയത്തിൽ ശിശു വികസന പദ്ധതി ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്രസ്തുത വർക്കർ രണ്ടു വർഷത്തെ ഹോണറേറിയമില്ലാത്ത അവധിയിൽ ആയിരുന്നുവെന്നും, തുടർന്നും അവധി ആവശ്യപ്പെട്ടപ്പോൾ അപ്രകാരം അവധി നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അവധി അപേക്ഷ നൽകാൻ ശിശു വികസന പദ്ധതി ഓഫീസർ വർക്കറെ അറിയിക്കുകയുണ്ടായി. ടിയാളുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ലഭിച്ചില്ലെന്നും, അന്വേഷണത്തിൽ ടിയാൾ പഞ്ചായത്തിൽ പാർട്ട്ടൈംസ്വീപ്പർ ആയി ജോലി നോക്കുകയാണെന്ന് അറിയാൻ കഴിഞ്ഞുവെന്നും സി.ഡി.പി.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വർക്കർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകുകയും ശിശു വികസന പദ്ധതി ഓഫീസർ ടിയാൾക്ക് മെമ്മോ നൽകുകയും ചെയ്തു. മെമ്മോ കൈപ്പറ്റി രണ്ടു ദിവസത്തിനകം ടിയാൾ ഓഫീസിൽ ഹാജരായി 27.05.2015 തീയതി പ്രാബല്യത്തിൽ ജോലി രാജിവയ്ക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ